# ജില്ലാ ജൂനിയർ ബേസ്ബോൾ: ആലക്കോട് എൻ.എസ്.എസ്. എച്ച്.എസ്.എസ്. ചാമ്പ്യൻമാർ

**മട്ടന്നൂർ ▸** ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പിൽ ആൺ, പെൺ വിഭാഗങ്ങളിൽ ആലക്കോട് എൻ.എസ്.എസ്. എച്ച്.എസ്.എസ്. ചാമ്പ്യൻമാരായി. ആൺകുട്ടികളുടെ വിഭാഗത്തിൽ മട്ടന്നൂർ എച്ച്.എസ്.എസ്. രണ്ടാം സ്ഥാനവും എടൂർ സെയ്ന്റ് മേരീസ് എച്ച്.എസ്.എസ്. മൂന്നാം സ്ഥാനവും നേടി. പെൺകുട്ടികളുടെ വിഭാഗത്തിൽ കടത്തുംകടവ് സെയ്ന്റ് ബാപ്റ്റിസ്റ്റ് ഹൈസ്കൂൾ രണ്ടാം സ്ഥാനവും ക്രസന്റ് പാലോട്ടുപള്ളി മൂന്നാം സ്ഥാനവും നേടി.

മട്ടന്നൂർ ഹയർ സെക്കൻഡറി സ്കൂളിൽ നഗരസഭാ കൗൺസിലർ പി.ശ്രീജ ഉദ്ഘാടനം ചെയ്തു. സ്റ്റേറ്റ് ബേസ് ബോൾ അസോസിയേഷൻ ഒബ്സർവർ വി.വിപിൻ, പി.പി. ബഷീർ, എം.ഷംസുദ്ദീൻ, എം.സി.സുതീഷ്, പി.എസ്. അമൽജിത്, ജിഷ്ണു തുടങ്ങിയവർ സംസാരിച്ചു.

■ ജില്ലാ ജൂനിയർ ബേസ് ബോൾ

# ആലക്കോട് എൻഎസ്എസ് എച്ച്എസ്എസ് ചാമ്പ്യൻ



ജില്ലാ ജൂനിയർ ബേസ്ബോൾ ചാമ്പ്യൻഷിപ്പ് ജേതാക്കളായ ആലക്കോട് എൻഎസ്എസ് എച്ച്എസ്എസ് ടീം

**മട്ടന്നൂർ**

ജില്ലാ ജൂനിയർ ബേസ് ബോൾ ചാമ്പ്യൻഷിപ്പിൽ ആൺ, പെൺ വിഭാഗങ്ങളിൽ ആലക്കോട് എൻഎസ്എസ് എച്ച്എസ്എസ് ചാമ്പ്യന്മാരായി. ആൺകുട്ടികളുടെ വിഭാഗത്തിൽ മട്ടന്നൂർ എച്ച്എസ്എസ് രണ്ടാം സ്ഥാനവും എടൂർ സെന്റ് മേരീസ് എച്ച്എസ്എസ് മൂന്നാം സ്ഥാനവും നേടി. പെൺകുട്ടികളുടെ വിഭാഗത്തിൽ കടത്തുംകടവ് സെന്റ് ബാപ്റ്റിക് ഹൈസ്കൂൾ രണ്ടാം സ്ഥാനവും ക്രസന്റ് പാലോട്ടുപള്ളി മൂന്നാം സ്ഥാനവും നേടി.

മട്ടന്നൂർ ഹയർ സെക്കൻഡറി സ്കൂളിൽ നഗരസഭാ കൗൺസിലർ പി ശ്രീജ ഉദ്ഘാടനം ചെയ്തു. സംസ്ഥാന ബേസ് ബോൾ അസോസിയേഷൻ ഒബ്സർവർ വി വിപിൻ, പി പി ബഷീർ, എം ഷംശുദ്ദീൻ, എം സി സുതീഷ്, പി എസ് അമൽജിത്, ജിഷ്ണു എന്നിവർ സംസാരിച്ചു.